ബസ്സ് സർവ്വീസുകളും നിറുത്തിയിരിക്കുന്ന ഈ റോഡ് ഉടനടി പണി നടത്തുന്നതിനും അതുമാതിരിതന്നെ രണ്ടാമത്തെ എം. എൽ. എ. റോഡായ പഴഞ്ഞി-പാവുട്ടപ്പുറം റോഡിനു ആവശ്യമായ സ്ഥലവും പഞ്ചായത്ത് റിസലൂഷനും എല്ലാം നടപടികളും കഴിഞ്ഞ് ഒരു കൊല്ലമായി കിടക്കുന്നു. അത് ചെറിയ റോഡാണ്. അതിന്റെ അനുവാദവും, ഇതിന് ഇതുവരെ ടെണ്ടർ വിളിച്ചിട്ടില്ല. ഈ രണ്ട് റോഡിനേറെയും കാര്യങ്ങളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ രണ്ട് എം. എൽ. എ. റോഡുകളും പെരുമ്പിലാവ്, കടങ്ങോട്, പാറപ്പുറം റോഡ് 1984-ൽ തന്നെ ഗവൺമെന്റ് ഏറെടുക്കാൻ അനുമതി നൽകുകയും, പതിനഞ്ചു ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്സ് ഉണ്ടാക്കി 1985-ൽ തന്നെ ഭരണാനുമതി നല്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കരാറുകാരനെ ഏല്പിച്ച് കഴിഞ്ഞിരിക്കുകയാണ്. ഡ്രെയിനേജ് വരെ ഉണ്ടാക്കാനുള്ള അനുമതി നല്കി കഴിഞ്ഞിട്ടുണ്ട്. അത് കൊടുത്തതിനുശേഷം കരാറുകാരന്റെ പ്രവർത്തനം അല്പം കാലതാമസം നേരിടുന്ന നിലയിലാണെന്ന് അറിഞ്ഞുകൊണ്ട് അതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. രണ്ടാമത്തെ എം. എൽ. എ. റോഡായ പഴഞ്ഞി-പാവുട്ടപ്പുറം റോഡ് അത് രണ്ട് ജില്ലകളിലായിട്ടാണ് കിടക്കുന്നത് ; അത് വിവിധ പഞ്ചായത്തുകളിലായിട്ടാണ് കിടക്കുന്നത്. അതിന് ആവശ്യമായ സ്ഥലം ഇപ്പോഴും ഏല്പിച്ചിട്ടില്ല എന്നാണ് അറിയുന്നത്. അത് ഏല്പിച്ച് കഴിഞ്ഞതിനുശേഷം അതിന് ആവശ്യമായ നടപടി സ്വീകരിക്കാം.

12. കൊരട്ടി കുഷ്ഠരോഗാശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. കെ. ജെ. ജോർജ് : സർ, കൊരട്ടി കുഷ്ഠരോഗാശുപത്രിയെ സംബന്ധിച്ചാണ് ഞാൻ ശ്രദ്ധ ക്ഷണിക്കുന്നത്. കഴിഞ്ഞ 1985 സെപ്റ്റംബർ മാസത്തിലും ഇതുപോലെ ഒരു ശ്രദ്ധ ക്ഷണിക്കൽ നടത്തുകയുണ്ടായതാണ്. അതിനുശേഷം 14-2-1986-ന് കൊരട്ടി കുഷ്ഠരോഗാശുപത്രിയിലെ ഓപ്പറേഷൻ തിയേറ്റർ ഉദ്ഘാടനം കഴിഞ്ഞത് അത് നമ്മുടെ ബഹുമാന്യനായ സ്പീക്കറാണ് ഉദ്ഘാടനം നടത്തിയത്. പക്ഷേ, ഉദ്ഘാടനം നടത്തിയ ഓപ്പറേഷൻ തിയേറ്ററിൽ ഇതുവരെ ഒരു ഉപകരണംപോലും വാങ്ങി കൊടുത്തിട്ടില്ല എന്നുള്ളതാണ് പരമാർത്ഥം. കഴിഞ്ഞ സബ്മിഷനു മറുപടി പറഞ്ഞു, രണ്ട് ലക്ഷം ഉറുപ്പിക അവിടെ കൊടുത്തിട്ടുണ്ടെന്ന്. അത് ഇതുവരെയും കിട്ടിയിട്ടില്ലെന്ന് ഞാൻ കഴിഞ്ഞ വെള്ളിയാഴ്ച ഇവിടെ പറഞ്ഞതാണ്. ഇപ്പോഴും ആ ഓപ്പറേഷൻ തിയേറ്ററിൽ രോഗികൾക്ക് ഉപയോഗിക്കാനുള്ള യാതൊരു ഉപകരണവും ഇല്ലാതെ കിടക്കുകയാണ്. ഇതിന് എന്തെങ്കിലും ഒരു നല്ല കാര്യം ചെയ്തു എന്ന് സന്തോഷിക്കാനെങ്കിലും വക നൽകാൻ ഈ മുഖ്യമന്ത്രി ഇടപെട്ട് ആ കാര്യങ്ങൾ ചെയ്യണം. ഉദ്ഘാടനം കഴിഞ്ഞിട്ട് 9 മാസം കഴിഞ്ഞു. അല്ലെങ്കിൽപിന്നെ ഈ ഉദ്ഘാടനം കഴിഞ്ഞിട്ട് ഒരാഴ്ചക്കുള്ളിൽ സാധനങ്ങളെല്ലാം അവിടെ എത്തിക്കാമെന്ന് പറഞ്ഞുകൊണ്ട് ആ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാരെല്ലാവരുംകൂടി പോയതാണ്. ഞാൻ ഈ സബ്മിഷൻ ഇവിടെ തരാനുണ്ടായ കാരണം കഴിഞ്ഞ വെള്ളിയാഴ്ച എനിക്ക് ഒരു ലെറ്റർ കിട്ടി. ആ കത്തിന്റെയടിസ്ഥാനത്തിലാണ് ഞാൻ ഇത് പറഞ്ഞത്. അതിൽ സ്പീക്കറെ സംബന്ധിച്ചും എന്നെപ്പറ്റിയും ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻമാർ അവിടെ ചെന്ന് നോക്കിയതിനെപ്പറ്റിയുമൊക്കെ പറയുന്നുണ്ട്. പക്ഷേ അവരുടെ കാര്യങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇതുവരെ നേരേചൊവ്വേ ഓപ്പറേഷൻ ചെയ്തു് അവരെ രോഗവിമുക്തി പ്രാപിക്കുവാനുള്ള യാതൊരുവിധ ഉപകരണവും ഈ ഡിപ്പാർട്ടുമെൻറിനു് കൊടുക്കാൻ സാധിച്ചിട്ടില്ല. അതുപോലെതന്നെ മുഖ്യമന്ത്രി നേരിട്ടു് ചാർജ് വഹിക്കുന്ന ഒരു ഡിപ്പാർട്ടുമെൻറാണു് ആരോഗ്യവകുപ്പു്. കുഷ്ഠരോഗാശുപത്രിക്കു് നാലഞ്ചു് വർഷമായിട്ടു് ഒരു ശനിദശയാണു്. ആറാം പഞ്ചവൽസരപദ്ധതിയിൽ ഏതാണ്ടു് 14 ലക്ഷം രൂപ കൊരട്ടി കുഷ്ഠരോഗാശുപത്രിക്കു് ഇൻഡ്യാ ഗവൺമെൻറു് അനുവദിച്ചതാണു്. പക്ഷേ കേരള ഗവൺമെൻറിൻെറ ഉത്തരവാദിത്വമില്ലാത്ത പ്രവർത്തികൊണ്ടു് അതു് നഷ്ടപ്പെട്ടു പോയിരിക്കുന്നു. അങ്ങനെ ഈ കുഷ്ഠരോഗാശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന 750 ഓളം വരുന്ന രോഗികളെ അവിടെക്കിടന്നു് മരിക്കാതിരിക്കാൻ വേണ്ടി എന്തെങ്കിലും ചെയ്യാൻ മുഖ്യമന്ത്രിക്കു് കഴിയണം. അവർക്കു് വേണ്ട ഉപകരണങ്ങളും ഉടനടി അവിടെ എത്തിക്കുന്നതിനുള്ള ഏർപ്പാടു് ചെയ്യണം. അതു് ഒരു യുദ്ധകാലാടിസ്ഥാനത്തിൽതന്നെ നടത്തണമെന്നു് ഞാൻ ആവശ്യപ്പെടുകയാണു്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, അവിടെ ആവശ്യമായ ഡോക്ടർമാരും മരുന്നുകളും ഉപകരണങ്ങളുമൊക്കെ ഉണ്ടു്. എസ്റ്റാമേറ്റ്സ് കമ്മിറ്റി അവിടെ പോയി ശുപാർശ ചെയ്തതിൻെറ അടിസ്ഥാനത്തിൽ അതിൻെറ ഭാഗമായി കെട്ടിടങ്ങളും നേരെയാക്കാനും കിണർ ശുദ്ധീകരിക്കാനുമൊക്കെയുള്ള നടപടികളും സ്വീകരിച്ചു. സർ, ആ ജോലി മുഴുവൻ ഏറ്റെടുത്തിട്ടുള്ളതു് അവിടത്തെതന്നെ പേഷ്യൻറ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണു്. അവർ കെട്ടിടത്തിൻെറ അറ്റകുറ്റപ്പണികളും തീർത്തു കഴിഞ്ഞിട്ടുണ്ടു്. കിണറും അവർ തന്നെ ശുദ്ധീകരിച്ചിട്ടുണ്ടു്. ഇതൊക്കെ അവർതന്നെ കോൺട്രാക്ടു് എടുത്താണു ചെയ്തതു്. മറ്റു് അറ്റകുറ്റപണികളും തീർത്തതോടൊപ്പംതന്നെ കെട്ടിടം പണി ഘട്ടംഘട്ടമായി നടത്തുന്നതിനു് അവർതന്നെ കരാർ എടുത്തിരിക്കുകയാണു്. പ്രവർത്തികളും മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുകയാണു്.

13. വടകരയിലെ പി. എച്ചു് ഇ. ഡി. ഡിവിഷൻ ആഫീസു്

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി കെ. എം. മാണിയുടെ ശ്രദ്ധയിൽപ്പെടുത്താനാണു്. ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നതു്. വടകരയിലെ ഒരു പി. എച്ചു്. ഇ. ഡി. ഡിവിഷൻ ഓഫീസു് 15 കൊല്ലങ്ങളിൽ കൂടുതലായിട്ടു് അവിടെ ഫംഗ്ഷൻ ചെയ്യുന്നുണ്ടായിരുന്നു. ആ പി. എച്ചു്. ഇ. ഡി. ഡിവിഷൻ ഓഫീസു് ഏതാണ്ടു് രണ്ടുകൊല്ലങ്ങൾക്കു മുമ്പു് വടകരയിൽ നിന്നു മാറ്റി. വടകരയിൽ ധാരാളം പ്രവർത്തനങ്ങളുണ്ടു്. അവിടെ ഒരു ഡിവിഷണൽ ഓഫീസു് ആവശ്യമാണെന്നാണു്. ഞങ്ങൾക്കൊക്കെ തോന്നിയതു്. പക്ഷേ അന്നത്തെ മന്ത്രി അതു് മാറ്റിസ്ഥാപിച്ചു. അതിനെതിരായിട്ടു് അവിടത്തെ രാഷ്ട്രീയ കക്ഷികളെല്ലാം സമരം നടത്തി. അവിടെയുള്ളതായിട്ടുള്ള നിയമസഭാസാമാജികൻ ഉൾപ്പെടെ വളരെയേറെപ്പേരും അസ്സറ്റു ചെയ്യുകയും ചെയ്തു. വളരെവേഗം ഇതു് പുനഃസ്ഥാപിക്കണമെന്നു് അന്നു് ആവശ്യപ്പെട്ടിരുന്നു. ആ പി. എച്ചു്. ഇ. ഡി. ഓഫീസു് ആദ്യം ഒരു സ്ഥലത്തേക്കു് കൊണ്ടുപോകാനായിട്ടു് ഉദ്ദേശിച്ചു. അതു പിന്നെ മാറ്റി വേറൊരിടത്തു് സ്ഥാപിച്ചു. ഇന്നിപ്പോൾ അഞ്ചു പഞ്ചായത്തുകൾക്കുള്ള അവിടത്തെ ചോറോടു് ജലസേചന പദ്ധതിയ്ക്കു് ഏതാണ്ടു് മൂന്നു കോടിയിലധികം. ഉറുപ്പികകൂടി ഇനിയും ചെലവാക്കേണ്ടതുണ്ടു്. വടകര മുനിസിപ്പാലിറ്റി ആഗ്മെൻറേഷൻ സ്കീം ഉണ്ടു്. വേറെയും പുതിയ പ്രവർത്തനങ്ങളും ഉണ്ടു്. കുറ്റ്യാടി കനാലിൻെറ സബ്കനാൽ വളരെയധികം

LIBRARY ARCHIVES Kerala Legislative Assembly